A

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

502

## ആത്യന്തിക വിലയിരുത്തൽ I 2026-2027

## കേരളപാഠാവലി

**ക്ലാസ്: 5** **സമയം: 2 മണിക്കൂർ 15 മിനിട്ട്**

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതിയാൽ മതി.

**(1)** വായിക്കാം, എഴുതാം

കിളിക്കൂട്

രാവിലെ പറമ്പിലേക്കിറങ്ങിയപ്പോഴാണ് അയാളതുകണ്ടത്. പേരമരത്തിന്റെ ഇലകൾക്കിടയിൽ നിന്ന് മനോഹരമായി ഒരു പക്ഷി പറന്നുപോകുന്നു. മഞ്ഞയും ചുവപ്പും കലർന്ന ചന്തമുള്ള തൂവലുകൾ. ഇത്രയും ഭംഗിയുള്ള ഒരു പക്ഷിയെ ഇതിനുമുൻപ് അയാൾ കണ്ടിട്ടില്ല. അത്തിമരത്തിലേക്കു നോക്കിയപ്പോൾ ഒരു കൊച്ചു കിളിക്കൂട്. കൂട്ടിൽ നിന്ന് മൂന്ന് ഇളം ചുണ്ടുകൾ പുറത്ത് കാണാം. കൊക്കുകളും തുറന്ന് അമ്മയുടെ വരവിനായി കാത്തിരിക്കുന്ന കുഞ്ഞുങ്ങൾ. അയാൾക്ക് ആ കാഴ്ച ഏറെ ആനന്ദം നൽകി.

ഇ.ജി. വസന്തൻ

a) രാവിലെ അയാൾ കണ്ട കാഴ്ചയെന്ത്?

i) പക്ഷി പറന്നുപോകുന്നത്

ii) ഇലകൾ പൊഴിഞ്ഞ അത്തിമരം

iii) കൊച്ചു കിളിക്കൂട്

iv) ചന്തമുള്ള തൂവലുകൾ

A. i ഉം ii ഉം ശരി

B. ii ഉം iii ഉം ശരി

C. i ഉം iii ഉം iv ഉം ശരി

D. ii ഉം iii ഉം iv ഉം ശരി

b) കിളിക്കൂട് കണ്ടത് എവിടെ?

A. പേരമരത്തിൽ

B. പറമ്പിൽ

C. അത്തിമരത്തിൽ

D. ഇവയൊന്നുമല്ല

c) പ്രസ്താവന 1 - മഞ്ഞയും ചുവപ്പും കലർന്ന ചന്തമുള്ള തൂവലുകൾ
പ്രസ്താവന 2 - പേരമരത്തിലേക്ക് നോക്കിയപ്പോൾ ഒരു കൊച്ചു കിളിക്കൂട്.
ഇതിൽ ശരിയായ പ്രസ്താവന ഏത്?

A. പ്രസ്താവന 1 ഉം 2 ഉം ശരി

B. പ്രസ്താവന 1 ശരി

C. പ്രസ്താവന 2 ശരി

D. പ്രസ്താവന 1 ഉം 2 ഉം തെറ്റ്

d) കൂട്ടിൽ നിന്ന് പുറത്തേക്ക് കാണുന്നതെന്ത്?

A. ഇലകൾ

B. തൂവലുകൾ

C. ആകാശം

D. ഇളം ചുണ്ടുകൾ

e) അയാൾക്ക് ഏറെ ആനന്ദം നൽകിയ കാഴ്ചയെന്ത്?

A. മനോഹരമായി പക്ഷി പറന്നുപോകുന്നത്

B. അമ്മയുടെ വരവിനായി കാത്തിരിക്കുന്ന കുഞ്ഞുങ്ങൾ

C. മഞ്ഞയും ചുവപ്പും കലർന്ന ചന്തമുള്ള തൂവലുകൾ

D. അത്തിമരത്തിലെ കൊച്ചു കിളിക്കൂട്

**2 (a)** കടങ്കഥ വിശകലനം

സ്വർണ്ണപ്പന്ത് പകൽ വരും
വെള്ളിപ്പന്ത് രാത്രിവരും
ഉത്തരം : സൂര്യനും ചന്ദ്രനും
ഈ കടങ്കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

b) 'ഡെയ്സിച്ചെടി' എന്ന കഥയിൽ ഡെയ്സിയും വാനമ്പാടിയും തമ്മിലുള്ള സ്നേഹബന്ധം നമ്മൾ കണ്ടതാണല്ലോ. ഡെയ്സിയ്ക്ക് തലേന്നത്തെ രാത്രിപോലെ ഇതളുകൾ മടക്കി ഉറങ്ങാൻ പറ്റിയില്ല. എന്തുകൊണ്ട്?

A. രാത്രി മുഴുവൻ അവൾ സൂര്യനേയും വാനമ്പാടിയേയും സ്വപ്നം കണ്ടതുകൊണ്ട്

B. തന്റെ ഇതളുകളുടെ ഭംഗിയെക്കുറിച്ച് ഓർത്തതിനാൽ

C. വാനമ്പാടിയുടെ വിലാപമോർത്തിട്ട്

D. വെള്ളം കിട്ടാത്തതിനാൽ

c) പ്രസ്താവന 1 : ഒഴിവു നേരങ്ങളിൽ കടങ്കഥ ചൊല്ലിക്കളിക്കുന്നത് നാട്ടുശീലമാണ്.

പ്രസ്താവന 2 : കടങ്കഥകളുടേയും കുസൃതിക്കഥകളുടേയും ആശാന്മാരാണ് കുട്ടികൾ

A. പ്രസ്താവന 1 ഉം 2 ഉം ശരി

B. പ്രസ്താവന 1 ശരി 2 തെറ്റ്

C. പ്രസ്താവന 1ഉം 2ഉം തെറ്റ്

D. പ്രസ്താവന 1 തെറ്റ് 2 ശരി

**ചുവടെ കൊടുത്ത (3A), (3B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

**3 (A) അനുഭവക്കുറിപ്പ്**

തിമിർത്തുപെയ്ത മഴയിൽ കുട്ടിയുണ്ടാക്കിയൊഴുക്കിയ കടലാസുതോണി മുങ്ങിപ്പോയി. കുട്ടിയ്ക്ക് കരച്ചിൽ വന്നു. തോണി മുങ്ങിയിട്ടല്ല. മറിച്ച്, അതിൽ അവൾ കയറ്റി വിട്ട കുറേ യാത്രക്കാരുമുണ്ടായിരുന്നു. അവളുടെ പ്രിയപ്പെട്ട കുഞ്ഞനുറുമ്പുകൾ!!

ഇത്തരം കുട്ടിക്കാല അനുഭവങ്ങൾ നിങ്ങൾക്കുമില്ലെ? കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**3 (B) കുറിപ്പ് തയ്യാറാക്കുക**

'നിലാനിറമാർന്ന മഴയ്ക്ക് പുഴയുടെ പശ്ചാത്തലവും മിന്നാമിനുങ്ങുകളുടെ അലങ്കാരവും. ഇടിമിന്നൽചാലുകൾ ഇടയ്ക്ക് കാട്ടിലേക്കു വന്ന് പുഴയിൽ ചിതറിയ ചിത്രങ്ങൾ വരച്ചു.'

പ്രകൃതിയിൽ മഴ കാഴ്ചവെയ്ക്കുന്ന ഇത്തരം വിസ്മയങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

**ചുവടെ കൊടുത്ത (4A), (4B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

**4 (A) ആസ്വാദനക്കുറിപ്പ്**

വയലുണ്ട് പുഴയുണ്ട് കായലുണ്ട്
വഴിയിലെ മരമതിൽ കായയുണ്ട്
മഴവില്ലിൻ പുഞ്ചിരിയെന്നുമുണ്ട്
മഴവരും നേരം മയിലാട്ടമുണ്ട്.

വയലില്ല മലയില്ല മരങ്ങളില്ല
വഴിയിലോ പുൽത്തണ്ടുപോലുമില്ല.
മഴയില്ല പുഴയില്ല തുഴയുമില്ല.
മിഴി തുറന്നുള്ളൊരാ കാറ്റുമില്ല.

(എവിടെ? - ഫാത്തിമനൗറിൻ പി)

കവിതയുടെ ആശയം ഉൾക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

4 (B) വർണ്ണന

മഴക്കാലത്ത് പ്രകൃതി കൂടുതൽ സുന്ദരിയാകുന്നു. മഴത്തുള്ളികൾ ഇലകളിൽ മുത്തുകൾ പോലെ തിളങ്ങുന്നു. പ്രകൃതിയുടെ ഓരോ കാഴ്ചയും മനസ്സിന് സന്തോഷവും സമാധാനവും നൽകുന്നു. നിങ്ങളുടെ ഓർമ്മകളിൽ തങ്ങിനിൽക്കുന്ന പ്രകൃതിദൃശ്യത്തെക്കുറിച്ച് വർണ്ണന തയ്യാറാക്കുക.

(5) സംഭാഷണം

'കാട്ടിൽ കന്നിമഴ യൗവനമാണ് കൊണ്ടുവരുന്നത്. പുഴ ഒറ്റരാത്രികൊണ്ട് സുന്ദരിയാകുന്നു.'

'കാട്ടിലെ മഴ' എന്ന പാഠത്തിലെ ഈ സന്ദർഭം ഓർക്കുന്നില്ലേ? പുഴയിലേക്ക് പെയ്തിറങ്ങിയ മഴയും പുഴയും തമ്മിലുള്ള സംഭാഷണം തയ്യാറാക്കുക.

(6) അഭിപ്രായക്കുറിപ്പ്

മണ്ണും മലയും പുഴയും പൂവും കാടുമൊക്കെ ജീവജാലങ്ങളുടെ നിലനില്പിന് അത്യാവശ്യമാണ്. ഈ പ്രസ്താവനയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എന്ത്? കുറിപ്പെഴുതുക.